(ബി) ഇതിൽ കേരളത്തിന് എന്തെല്ലാം തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട് ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കുടിവെള്ളത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലോണായും ഗ്രാന്റായും എത്ര തുക വീതം ലഭിക്കുകയുണ്ടായി ;

(ഡി) കുടിവെള്ളം സംബന്ധിച്ച് എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ&ബി) കുടിവെള്ള പദ്ധതികൾക്ക് കേന്ദ്ര വായ്പയായും ഗ്രാന്റായും സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കുടിവെള്ളത്തിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്നും ലോണായും ഗ്രാന്റായും 108.66 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാർ 2002-2003 സാമ്പത്തിക വർഷം പ്രഖ്യാപിച്ച സ്വജൽധാരാ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ നാളിതുവരെ 7519 ലക്ഷം രൂപ അടങ്കൽ തുകയുള്ള 554 ഗ്രാമീണ ചെറുകിട കുടിവെള്ള പദ്ധതികൾക്കുള്ള അപേക്ഷകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 120 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം

15 (*781) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിവരുന്ന ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം സ്വകാര്യവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സ്വകാര്യവൽക്കരണ നിർദ്ദേശം സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഹോസ്റ്റലിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനം കലായളവ്, മിനിമം മാർക്ക് തുടങ്ങിയ കാര്യങ്ങളിൽ പുതിയ നിബന്ധനകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച് വിശദ വിവരം വെളിപ്പെടുത്തുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ കീഴിലുള്ള ട്രൈബൽ ഹോസ്റ്റലുകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ബാധകമല്ല.

ജലം കുപ്പിയിലാക്കി വിൽക്കാനുള്ള പദ്ധതി

16 (*782) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധീകരിച്ച ജലം കുപ്പിയിലാക്കി വിൽക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ&ബി) വരുമാന വർദ്ധനവിനും സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായും ശുദ്ധികരിച്ച ജലം കുപ്പിയിലും കന്നാസിലുമായി റിൽക്കുന്നതിനുള്ള ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റി പരിഗണിക്കുകയും പ്രസ്തുത പദ്ധതി സർക്കാർ അനുമതിയോടെ നടപ്പാക്കാൻ തത്വത്തിൽ കേരള വാട്ടർ അതോറിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ അന്തിമതീരുമാനമെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മനേജ്മെന്റ് സിസ്റ്റം

17 (*783) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം ഡെവലപ്പ് ചെയ്ത പരിപാടികൾ എന്തൊക്കൊയാണെന്ന് വിശദമാക്കാമോ ;

(ബി) നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ പ്രധാനപ്പെട്ട പോരായ്മകൾ എന്തൊക്കെയാണ് ;

(സി) പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിലെ വികസന ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; പദ്ധതിയെ സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) പദ്ധതി പ്രവർത്തനം എത്ര ശതമാനം നടപ്പിൽ വരുത്തുകയുണ്ടായി ; പദ്ധതിക്ക് വകയിരുത്തിയ തുക എത്ര ; ചെലവഴിച്ചതെത്ര എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly